ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1162

# സൂറ- 41 / ഹാമീം അസ്സജദ - ഫുസ്സ്വിലത്

## സൂക്തം: 01- 04

ഖുർആൻ അവതരിച്ച ഭാഷ എന്നത് അറബി ഭാഷക്കു ലഭിച്ച അതുല്യമായ മഹത്വം തന്നെയാണ്. അറബി ഭാഷയെ 6-ാം നൂറ്റാണ്ടിലെ അറബി നഗരവാസികളും ഗ്രാമീണരും സംസാരിച്ച അതേ വാക്കുകളിലും ഘടനയിലും നിലനിർത്തുന്നത് ഖുർആൻ ആണ്.

### ആമുഖം

ശീർഷകത്തിൽ സൂചിപ്പിച്ച രണ്ടു പേരിലും സുപരിചിതമാണീ സൂറ. ഹാമീം എന്നു തുടങ്ങുന്ന സൂറകളിൽ തിലാവതിന്റെ സുജൂദ് ഉള്ള സൂക്തമുൾക്കൊള്ളുന്ന സൂറഃ എന്നതാണ് ഹാ-മീം- അസ്സജദ എന്ന നാമകരണത്തിനാധാരം. ബുഖാരിയും തിർമിദിയും ഈ പേരാണ് ഉപയോഗിച്ചിട്ടുള്ളത്. മുസ്ഹഫുകളിലും തഫ്സീർ ഗ്രന്ഥങ്ങളിലും ഫുസ്സ്വിലത് എന്ന നാമവും ധാരാളമായി ഉപയോഗിച്ചിരിക്കുന്നു. മൂന്നാം സൂക്തത്തിൽ 'ഫുസ്സ്വിലത്' എന്ന വാക്കു വന്നിരിക്കുന്നതാണ് ഈ നാമകരണത്തിനാധാരം. ഈ സൂറയെ 'സൂറതുൽ മസ്വാബീഹ്' എന്നും ചിലർ വിളിച്ചിട്ടുണ്ട്. എങ്കിലും ആ നാമം ലുപ്ത പ്രചാരമാണ്.

സൂറഃ *ഗാഫിറി*നുശേഷം സൂറഃ *അസ്സുഖ്റുഫി*ന് മുമ്പായി ഇതവതരിച്ചുവെന്നാണ് ചരിത്രം. പ്രവാചകന്റെ പിതൃവ്യൻ ഹംസ(റ) ഇസ്‌ലാം സ്വീകരിച്ചതിനുശേഷവും ഉമറുബ്നുൽ ഖത്ത്വാബ്(റ) ഇസ്‌ലാം സ്വീകരിക്കുന്നതിനു മുമ്പുമാണിതിന്റെ അവതരണമെന്നും നിവേദനമുണ്ട്. മുസ്ഹഫിൽ 41-ാമതായി ചേർത്തിട്ടുള്ള *ഫുസ്സ്വിലത്* അവതരണ ക്രമമനുസരിച്ച് 61-ാമത്തേതാണ്.

ഖുറൈശികളുടെ ഇസ്‌ലാം വിരോധം മൂർഛിച്ച കാലത്താണ് സൂറയുടെ അവതരണം. അവർ പ്രവാചകനെക്കുറിച്ച് പലവക ആരോപണങ്ങളും ആക്ഷേപങ്ങളും പ്രചരിപ്പിച്ചുകൊണ്ടിരുന്നു. പക്ഷേ, ആരോപണങ്ങളും അധിക്ഷേപങ്ങളും പെരുമഴയായി പെയ്തുകൊണ്ടിരിക്കുമ്പോഴും ഇസ്‌ലാമിന്റെ ഗതി മന്ദമായിട്ടാണെങ്കിലും മുന്നോട്ടു തന്നെയായിരുന്നു. ഖുറൈശികൾ ഉന്നയിച്ചിരുന്ന കുതർക്കങ്ങൾക്ക്, ആ തർക്കങ്ങൾ ഉദ്ധരിക്കാതെ മറുപടി പറയുകയായിരുന്നുവല്ലോ മുൻ സൂറഃ. ഈ സൂറയും അതുതന്നെ തുടരുകയാണ്. സൂറയുടെ അവതരണ പശ്ചാത്തലം സംബന്ധിച്ച് ചരിത്രകാരന്മാർ ഒരു സംഭവം ഉദ്ധരിക്കുന്നുണ്ട്. അതിങ്ങനെ സംക്ഷേപിക്കാം: ഖുറൈശികൾ മർദനങ്ങളും ദുഷ്പ്രചാരണങ്ങളും തുടരുമ്പോഴും ആളുകൾ ഒറ്റയും തെറ്റയുമായി മുഹമ്മദീയ ദീൻ സ്വീകരിച്ചുകൊണ്ടിരുന്നു. അതിൽ അസ്വസ്ഥരായ അവർ ഇനിയെന്ത് എന്ന് ആലോചിക്കാൻ തുടങ്ങി. മുഹമ്മദിനെ എങ്ങനെയെങ്കിലും പ്രീണിപ്പിച്ച് അനുനയിപ്പിക്കുകയാണ് കരണീയം എന്ന് ചിലർ അഭിപ്രായപ്പെട്ടു. അബൂസുഫ്യാന്റെ ശ്വശുരൻ ഉത്ബതിബ്നു റബീഅഃ ആയിരുന്നു അവരിൽ പ്രമുഖൻ. അയാൾ പറഞ്ഞു: ''നിങ്ങൾക്കു സമ്മതമാണെങ്കിൽ ഞാൻ മുഹമ്മദിനോട് ഒന്നു സംസാരിച്ചു നോക്കാം. അയാളുടെ മുമ്പിൽ നമ്മുടെ ഭാഗത്തുനിന്ന് ചില ഓഫറുകൾ വയ്ക്കാം. അത് സ്വീകരിച്ച് നമ്മുടെ പാരമ്പര്യ വിശ്വാസങ്ങളെയും ആചാരങ്ങളെയും വിമർശിക്കുന്നതിൽനിന്ന് വിരമിക്കണമെന്ന് ആവശ്യപ്പെടാം. അയാളതു സ്വീകരിക്കുകയാണെങ്കിൽ നമുക്ക് അയാളുമായി ഒരൊത്തുതീർപ്പിലെത്താം.'' ഖുറൈശി സഭ ഈ നിർദേശം അംഗീകരിച്ചു.

ഉത്ബഃ മുഹമ്മദ് നബിയുടെ അടുത്തു ചെന്ന് ഇപ്രകാരം സംസാരിച്ചു തുടങ്ങി: ''മകനേ, നമ്മുടെ സമുദായത്തിൽ നിനക്കുള്ള വിശിഷ്ട പാരമ്പര്യവും കുലമഹിമയും നിനക്കറിയാമല്ലോ. പക്ഷേ, ഇപ്പോൾ നിന്റെ സമുദായത്തിന് വലിയ ആപത്തുണ്ടാക്കിയിരിക്കുകയാണ് നീ. ഈ സമുദായത്തെ ഭിന്നിപ്പിച്ചു. പരമ്പരാഗത ദൈവങ്ങളെയും ആചാരങ്ങളെയും നീ ദുഷിക്കുന്നു. ജനങ്ങളെയും അവരുടെ പൂർവ പിതാക്കന്മാരെയും വിഡ്ഢികളെന്നും അജ്ഞരെന്നും അപ

ഹസിക്കുന്നു.... മകനേ, ഞാൻ പറയുന്നതൊന്ന് ശ്രദ്ധിച്ചു കേൾക്കൂ. ഞാൻ നിന്റെ മുമ്പിൽ ചില നിർദേശങ്ങൾ വയ്ക്കുന്നു. അതേക്കുറിച്ച് സഗൗരവം ആലോചിക്കണം. എന്റെ നിർദേശങ്ങളിൽ ഏതെങ്കിലുമൊന്ന് അംഗീകരിക്കുകയാണെങ്കിൽ നമുക്കിടയിലുള്ള സംഘർഷം ഒഴിവാക്കാം. എന്തു പറയുന്നു?'' നബിതിരുമേനി പറഞ്ഞു: ''അബുൽ വലീദ് പറഞ്ഞോളൂ, ഞാൻ കേൾക്കാം.'' അയാൾ തുടർന്നു: ''മകനേ, നീ ഈ സംരംഭം തുടങ്ങിയത് ധനം സമ്പാദിക്കാനാണെങ്കിൽ നാട്ടിലെ ഏറ്റം വലിയ ധനികനാവാൻ വേണ്ട ധനം ഞങ്ങളെല്ലാവരും ചേർന്ന് നിനക്കു തരാം. നിനക്ക് ഞങ്ങളുടെ നേതൃത്വമാണാവശ്യമെങ്കിൽ ഞങ്ങളുടെ സകലകാര്യങ്ങളും തീരുമാനിക്കുകയും ഞങ്ങളെ നയിക്കുകയും ചെയ്യുന്ന നേതാവായി നിന്നെ അംഗീകരിച്ചുകൊള്ളാം. രാജാവാകണമെന്നാണെങ്കിൽ രാജാവായി വാഴിക്കാം. ഇതൊന്നുമല്ല, വല്ല ചെകുത്താനോ ജിന്നോ ബാധിച്ച് ബുദ്ധിഭ്രമം പറ്റിയിരിക്കുകയാണെങ്കിൽ ഞങ്ങളുടെ ചെലവിൽ ഏറ്റം കേമന്മാരായ ഭിഷഗ്വരന്മാരെക്കൊണ്ട് നിന്നെ ചികിത്സിപ്പിക്കാം....'' എല്ലാം കേട്ടു കഴിഞ്ഞപ്പോൾ നബിതിരുമേനി അയാളോടു ചോദിച്ചു: ''അങ്ങേക്ക് പറയാനുള്ളതു പറഞ്ഞുകഴിഞ്ഞുവോ?'' ഉത്ബഃ: ''അതെ.'' ''എങ്കിൽ ഇനി എനിക്ക് പറയാനുള്ളത് അങ്ങ് കേൾക്കൂ.'' തുടർന്ന് അദ്ദേഹം ഈ സൂറഃ തുടക്കം മുതൽ പാരായണം ചെയ്തു. 38-ാം സൂക്തമായ സുജൂദിന്റെ ആയത്ത് പാരായണം ചെയ്തുകൊണ്ട് തിരുമേനി സുജൂദ് ചെയ്തു. അനന്തരം ശിരസ്സുയർത്തി ഉത്ബയോടു പറഞ്ഞു: ''അബുൽ വലീദ്, എന്റെ മറുപടി അങ്ങ് കേട്ടു കഴിഞ്ഞു. ഇനി അങ്ങയുടെ ഇഷ്ടം പോലെ ചെയ്യാം.''

തിരുമേനിയെ സശ്രദ്ധം കേട്ട ഉത്ബഃ വിഷണ്ണനായി ഖുറൈശികളുടെ സഭയിലേക്കു മടങ്ങുകയായിരുന്നു. ആ വരവ് ആകാംക്ഷയോടെ നോക്കിയിരുന്ന ഖുറൈശി സഭ ചോദിച്ചു: ''മുഹമ്മദ് എന്തു പറഞ്ഞു?'' ഉത്ബയുടെ പ്രതികരണം ഇതായിരുന്നു: ''ദൈവമേ, മുമ്പെങ്ങും കേട്ടിട്ടില്ലാത്ത തരം വചനങ്ങളാണ് ഞാൻ മുഹമ്മദിൽനിന്ന് കേട്ടത്. ദൈവത്താണ, അതു കവിതയല്ല, ആഭിചാര മന്ത്രമല്ല, ജ്യോത്സ്യ പ്രവചനവുമല്ല. അല്ലയോ ഖുറൈശി നേതാക്കളേ, ഇയാളെ നമുക്ക് പാട്ടിനു വിടാം. ഈ പ്രസ്ഥാനത്തിനു ഒരു ഭാവിയുണ്ടെന്നാണെനിക്കു തോന്നുന്നത്. നോക്കൂ, മറ്റ് അറബികൾ ഇയാളെ ജയിക്കുകയാണെങ്കിൽ സ്വസഹോദരനെതിരെ കൈയോങ്ങുന്നതിൽനിന്ന് നമുക്ക് രക്ഷപ്പെടാം. ജയിക്കുന്നവർ അവന്റെ കഥ കഴിച്ചുകൊള്ളുമല്ലോ. ഇനി മറ്ററബികളെ അയാൾ ജയിക്കുകയാണെങ്കിൽ അയാളുടെ ജയം നമ്മുടെയും ജയവും, അയാളുടെ യശസ്സ് നമ്മുടെയും യശസ്സുമായിരിക്കും.'' സഭയുടെ മറുപടി ഇതായിരുന്നു. ''ഓ അബുൽ വലീദ്, ഒടുവിൽ താങ്കളും മുഹമ്മദിന്റെ ആഭിചാര വലയിൽ കുടുങ്ങിപ്പോയിരിക്കുന്നു.'' ഉത്ബഃ പറഞ്ഞു: ''ഞാൻ എനിക്കു തോന്നിയ അഭിപ്രായം നിങ്ങളുമായി പങ്കുവെച്ചുവെന്നേയുള്ളൂ. നിങ്ങൾക്ക് ബോധിച്ചതെന്തോ അതു ചെയ്തുകൊള്ളുക'' (അവലംബം: ഇബ്നു ഹിശാം വാല്യം 1). ഈ സംഭവം ചെറിയ വ്യത്യാസങ്ങളോടെ ധാരാളം ഹദീസ് പണ്ഡിതന്മാർ ഉദ്ധരിച്ചതായി കാണാം.

ഉത്ബയുടെ പ്രഭാഷണം ഖുറൈശികളുടെ മൂന്നു തീർപ്പുകൾ ഉൾക്കൊള്ളുന്നുണ്ട്. 1) മുഹമ്മദ് (സ) ഈ പ്രസ്ഥാനവുമായി ഇറങ്ങിയിരിക്കുന്നത് ചില സ്വാർഥ താൽപര്യങ്ങൾ നേടാനാണ്. ആ താൽപര്യം ധനസമ്പാദനമാവാം. അധികാരവും സ്ഥാനമാനങ്ങളുമാവാം. അത്തരം താൽപര്യങ്ങൾ ഞങ്ങൾ നിവർത്തിച്ചു തരാം. അതിനുവേണ്ടി അദ്ദേഹം, സമുദായം തലമുറകളായി പുലർത്തിപ്പോരുന്ന വിശിഷ്ടമായ വിശ്വാസങ്ങളെയും ആചാരങ്ങളെയും തള്ളിപ്പറയേണ്ടതില്ല. ഇത്തരം സ്വാർഥ മോഹങ്ങളൊന്നുമില്ലെങ്കിൽ അയാളെ ഏതോ ഗുരുതരമായ മനോരോഗം ബാധിച്ചിരിക്കുകയാണ്, ഞങ്ങളുടെ ചെലവിൽ അയാളെ ചികിത്സിച്ചു ഭേദമാക്കാൻ ഞങ്ങൾ തയാറാണ്. എങ്ങനെയായാലും ആപൽക്കരമായ ഈ പ്രസ്ഥാനത്തിൽനിന്ന് അയാൾ പിന്മാറണം.

2) മുഹമ്മദ് (സ) ദൈവദൂതനോ പ്രവാചകനോ അല്ല. അയാൾ പ്രബോധനം ചെയ്യുന്നത് ദൈവിക സന്ദേശങ്ങളുമല്ല. അയാളെ പ്രവാചകനായി അംഗീകരിക്കാനോ അയാളുടെ സന്ദേശത്തിൽ വിശ്വസിക്കാനോ ഞങ്ങളൊരിക്കലും തയാറല്ല. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ലെന്ന് ഖുറൈശികൾ പണ്ടേ പറഞ്ഞുവരുന്നതാണ്. സൂറയിലെ 5-ാം സൂക്തം അവരുടെ ഈ നിലപാട് ഉദ്ധരിക്കുന്നുണ്ട്. ഖുർആൻ കേട്ടുപോകരുതെന്നും ഖുർആൻ പാരായണം ചെയ്യപ്പെടുന്നിടത്ത് ചെന്ന് അത് ആർക്കും കേൾക്കാൻ കഴിയാത്തവണ്ണം ബഹളമുണ്ടാക്കണമെന്നും ഖുറൈശി നേതാക്കൾ സാമാന്യ ജനങ്ങളെ സഗൗരവം ഉപദേശിക്കുന്നതായി 26-ാം സൂക്തത്തിലും കാണാം. ഇതോടൊപ്പം ഖുർആൻ സൂക്തങ്ങൾ വളച്ചൊടിച്ചും വിപരീതാർത്ഥങ്ങൾ നൽകിയും ജനങ്ങളെ തെറ്റുദ്ധരിപ്പിക്കുന്ന പരിപാടിയും അഭംഗുരം നടക്കുന്നുണ്ടായിരുന്നു. ഖുർആന്റെ ദൈവികതയെയും അമാനുഷികതയെയും അവർ പരിഹസിച്ചു തള്ളി. ഒരു അറബി കുറെ അറബി വചനങ്ങൾ ഉരുവിടുന്നതിലെന്തു ദിവ്യാത്ഭുതം?! അറബിയായ മുഹമ്മദ് അറബിയല്ലാത്ത ഏതെങ്കിലും ഭാഷയിൽ സാഹിത്യ സമ്പുഷ്ടമായ പ്രഭാഷണങ്ങൾ നടത്തണം. അതാണ് അമാനുഷികവും ദിവ്യാത്ഭുതവുമാവുക.

ഇത്തരം നാനാവിധ ആക്ഷേപങ്ങൾക്കും ആരോപണങ്ങൾക്കുമുള്ള മറുപടിയാണ് സൂറയുടെ ഉള്ളടക്കം. വിമർശനങ്ങൾ ഒന്നൊന്നായി ഉദ്ധരിച്ച് വെവ്വേറെ മറുപടി പറയുകയല്ല ചെയ്യുന്നത്. വിമർശനങ്ങൾക്ക് പ്രചോദനമാകുന്ന നിലപാടുകൾക്കും മനോഗതങ്ങൾക്കുമാണ് മറുപടി. ഈ രീതി സ്വീകരിച്ചതിന് രണ്ടു കാരണങ്ങൾ കാണാം. 1) ഖുറൈശികളുടെ വിമർശനങ്ങളുടെ ബാഹ്യരൂപം മറുപടിയർഹിക്കാത്തവണ്ണം ഉപരിപ്ലവവും അർത്ഥ ശൂന്യവുമാണ്. ഞങ്ങളുടെ ഹൃദയങ്ങൾ പെട്ടിയിലടച്ചു വെച്ചിരിക്കുന്നു, ചെവികളിൽ കോർക്കിട്ടിരിക്കുന്നു, നിങ്ങൾക്കും ഞങ്ങൾക്കുമിടയിൽ മതിലുയർത്തിയിരിക്കുന്നു എന്നൊക്കെ ജൽപിക്കുന്നതിന് എന്തു മറുപടി പറയാനാണ്! 2) ഖുർആൻ നൽകുന്ന മറുപടി ഏതെങ്കിലും ഒരു പ്രത്യേക ഗോത്രത്തിന്റെ പ്രത്യേക വിമർശനങ്ങൾക്കു മാത്രമുള്ളതല്ല; പ്രത്യുത ലോകാവസാനം വരെ ഇസ്‌ലാം ധ്വംസനത്തിനു മുന്നിട്ടിറങ്ങുന്ന എല്ലാ സത്യനിഷേധികളെയും ആ നിലപാടിലേക്കു നയിക്കുന്ന അടിസ്ഥാന പ്രചോദനങ്ങൾക്കും മനോഗതങ്ങൾക്കും ആസക്തികൾക്കും എതിരെയുള്ളതാണ്. ഈ മൗലിക പ്രചോദനങ്ങളും മനോഗതങ്ങളും ആസക്തികളും എന്നും ഏറക്കുറെ ഒന്നായിരിക്കും; കാല-ദേശങ്ങളുടെയും സംസ്കാരങ്ങളുടെയും വ്യത്യാസമനുസരിച്ച് അവയുടെ ബാഹ്യരൂപവും പ്രകടന രീതിയും വ്യത്യസ്തമായിരിക്കുമെങ്കിലും. ഇസ്‌ലാമിനു നേരെ

ഞങ്ങളുടെ മനസ്സുകള്‍ അടച്ചു പൂട്ടിയിരിക്കുന്നു, ചെവികളില്‍ അടപ്പിട്ടിരിക്കുന്ന, ഞങ്ങള്‍ക്കും ഇസ്‌ലാമിനുമിടയില്‍ ഒരു മഹാമതിലുയര്‍ത്തിയിരിക്കുന്നു എന്നൊക്കെ ജല്‍പിച്ച നിരക്ഷരനായ അറബിയെ നയിച്ചിരുന്ന മനോഭാവം തന്നെയാണ് ഇസ്‌ലാം വിരോധത്തില്‍ അഭിരമിക്കുന്ന ആധുനിക വിദ്വാന്മാരെയും നയിക്കുന്ന അടിസ്ഥാന മനോഭാവം. ●

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

**പരമദയാലുവും കാരുണ്യവാരിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍**

حمٓ ﴿١﴾

1. ഹാ-മീം

تَنزِيلٌ مِّنَ الرَّحْمَٰنِ الرَّحِيمِ ﴿٢﴾

2. ഇത് പരമദയാലുവും കരുണാവാരിധിയുമായവങ്കല്‍നിന്ന് അവതരിക്കുന്നതത്രേ.

كِتَابٌ فُصِّلَتْ آيَاتُهُ قُرْآنًا عَرَبِيًّا لِّقَوْمٍ يَعْلَمُونَ ﴿٣﴾

3. സൂക്തങ്ങള്‍ വിശദീകരിച്ചുറപ്പിക്കപ്പെട്ട വേദം; ജ്ഞാനമാഗ്രഹിക്കുന്ന ജനത്തിനുവേണ്ടി അറബി ഭാഷയിലുള്ള ഖുര്‍ആന്‍ ആയിട്ട്.

بَشِيرًا وَنَذِيرًا فَأَعْرَضَ أَكْثَرُهُمْ فَهُمْ لَا يَسْمَعُونَ ﴿٤﴾

4. സുവിശേഷവും മുന്നറിയിപ്പുമായിട്ടുള്ളതും. പക്ഷെ അധികജനവും അതിനെ അവഗണിച്ചു തള്ളിയിരിക്കുന്നു; കേള്‍ക്കാനേ തയാറാകുന്നില്ല.

**1-4**

تَنزِيلٌ = ഇറക്കല്‍ (ഇത് അവതരിക്കുന്നതത്രേ)

مِّنَ الرَّحْمَٰنِ الرَّحِيمِ = പരമദയാലുവും കരുണാവാരിധിയുമായവങ്കല്‍നിന്ന് كِتَابٌ = ഒരു വേദം

فُصِّلَتْ آيَاتُهُ = സൂക്തങ്ങള്‍ വിശദീകരിക്കപ്പെട്ട (കരിച്ചുറപ്പിക്കപ്പെട്ട) قُرْآنًا عَرَبِيًّا = അറബി ഭാഷയിലുള്ള ഖുര്‍ആന്‍ ആയിട്ട്

لِّقَوْمٍ يَعْلَمُونَ = അറിയുന്ന(ജ്ഞാനമാഗ്രഹിക്കുന്ന) ജനത്തിനുവേണ്ടി

بَشِيرًا وَنَذِيرًا = സുവിശേഷവും മുന്നറിയിപ്പുമായിട്ടുള്ളതും

فَأَعْرَضَ أَكْثَرُهُمْ = (പക്ഷെ) അവരില്‍ അധിക(ജന)വും (അതിനെ) അവഗണിച്ചു (തള്ളിയിരിക്കുന്നു)

فَهُمْ لَا يَسْمَعُونَ = അവര്‍ കേള്‍ക്കുന്നില്ല (അതു കേള്‍ക്കാനേ തയാറാകുന്നില്ല)

حمٓ എന്ന തുടക്ക അക്ഷരങ്ങള്‍ കഴിഞ്ഞ സൂറയുടെ തുടക്കത്തില്‍ ചര്‍ച്ച ചെയ്യപ്പെട്ടിരിക്കുന്നു. തുടര്‍ന്നുള്ള സൂക്തങ്ങളുടെ ആശയം ഗ്രഹിക്കുന്നതിന് ഈ സൂറയുടെ മുഖവുരയില്‍ സൂചിപ്പിച്ച, ഖുറൈശി പ്രമുഖന്‍ ഉത്ബതുബ്നു റബീഅഃ പ്രവാചകനെ സന്ദര്‍ശിച്ച് നടത്തിയ സംഭാഷണം ഓര്‍മയിലുണ്ടായിരിക്കേണ്ടതാണ്. ഉത്ബയുടെ ആവശ്യങ്ങള്‍ക്കും വാദങ്ങള്‍ക്കുമുള്ള മറുപടിയായിട്ടാണല്ലോ സൂറഃ അവതരിക്കുന്നത്. സാരമിതാണ്: നിങ്ങള്‍ വാദിക്കുന്നതുപോലെ, ഞാന്‍ നിങ്ങളെ കേള്‍പ്പിച്ചുകൊണ്ടിരിക്കുന്ന വചനങ്ങള്‍ ഞാന്‍ കെട്ടിച്ചമച്ചവതരിപ്പിക്കുന്നതല്ല. റഹ്മാനും റഹീമുമായ അല്ലാഹുവിങ്കല്‍നിന്ന് വാര്‍ന്നിറങ്ങുന്ന വേദവചനങ്ങളാണിത്. ശിഷ്ട-ദുഷ്ട വ്യത്യാസമന്യേ സകല ചരാചരങ്ങള്‍ക്കും സകലവിധ അനുഗ്രഹങ്ങളും അരുളിക്കൊണ്ടിരിക്കുന്ന പരമകാരുണികനാണ് റഹ്മാന്‍. ശിഷ്ട ജനങ്ങളെ അവരുടെ ശ്രേഷ്ഠകര്‍മങ്ങളെ പ്രതി മരണാനന്തരം സവിശേഷം അനുഗ്രഹിക്കുന്നവനാണ് റഹീം. ഭാഷയില്‍ ഈ പദങ്ങള്‍ പര്യായങ്ങളാണെങ്കിലും ഇസ്‌ലാമിക പദാവലിയില്‍ ഇതാണീ പദങ്ങളുടെ അര്‍ഥം. വേദാവതരണം റഹ്മാനില്‍നിന്നും റഹീമില്‍നിന്നുമാകുന്നു എന്നു പറഞ്ഞതിന് സവിശേഷമായ ധ്വനിയുണ്ട്. അല്ലാഹു ഈ വേദമവതരിപ്പിച്ചിരിക്കുന്നത് സൃഷ്ടികളോടുള്ള അവന്റെ പരമമായ കാരുണ്യത്തിന്റെയും അനുഗ്രഹത്തിന്റെയും താല്‍പര്യമായിട്ടാകുന്നു എന്നാണത്. വിഗ്രഹാരാധകര്‍ വാദിക്കുന്നതുപോലെ അവരുടെ മിഥ്യാ ദൈവങ്ങളുടെ ശാപകോപങ്ങള്‍ക്കിടയാക്കുന്നതും നാട്ടിന് നാശം വരുത്തുന്നതുമായ മാരണമന്ത്രങ്ങളല്ല ഇത്.

ഇതു ഒരു വേദഗ്രന്ഥം -كِتَابٌ- ആകുന്നു. അതിലെ സൂക്തങ്ങളെല്ലാം വ്യക്തവും വിശദവുമാകുന്നു. تفصيل (വിവൃതമാക്കലും വിശദമാക്കലും)-ല്‍നിന്നുള്ള ഭൂതകാലക്രിയാപദമാണ് فُصِّلَتْ. ഗ്രന്ഥങ്ങളിലും മറ്റും ചര്‍ച്ചചെയ്യുന്ന വിഷയത്തിന്റെ വിവിധ വശങ്ങള്‍ക്ക് فصول എന്നു പറയും. ചര്‍ച്ച ഒരു ശാഖയില്‍നിന്ന് മറ്റൊരു ശാഖയിലേക്ക് തിരിയുന്നതിനെ സൂചിപ്പിക്കാന്‍ فصل എന്നു കുറിക്കുക പഴയ ഗ്രന്ഥങ്ങളില്‍ സാധാരണമായിരുന്നു. തീരുമാനം, വിധി എന്നുകൂടി فصل -ന് അര്‍ഥമുണ്ട്. قول فصل നിര്‍ണായക വചനം- വിധിയാണ്. إِنَّ رَبَّكَ هُوَ يَفْصِلُ بَيْنَهُمْ (തീര്‍ച്ചയായും നിന്റെ നാഥന്‍ തന്നെ അവര്‍ക്കിടയില്‍ വിധി കല്‍പിക്കുന്നതാകുന്നു -32:25) ഇഴതിരിച്ച് വിശദീകരിച്ച് ഉദ്ദേശ്യം അവ്യക്തതയും സന്ദേഹവുമില്ലാതെ അസന്ദിഗ്ധവും നിര്‍ണായകവുമായ വിധത്തില്‍ വ്യക്തമാക്കുകയാണ് تفصيل. തഫ്സീറും തഅ്‌വീലും തഫ്സീലില്‍നിന്നു വ്യത്യസ്തമാണ്. അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും

വിശകലനങ്ങളുമാണ് തഫ്സീറും തഅ്വീലും. അസന്ദിഗ്ധവും നിർണായകവും സുവ്യക്തവുമായ തീരുമാനമാണ് ഫസ്്ലും തഫ്സ്വീലും. കൈകാര്യം ചെയ്യുന്ന ഓരോ കാര്യവും അസന്ദിഗ്ധമായി നിർണയിച്ചു തരുന്നത് وَتَفْصِيلَ كُلِّ شَيْءٍ - ആണ് ഖുർആൻ സൂക്തങ്ങൾ (12:111). ഖുർആനിൽ ചില അവ്യക്ത-സദൃശ വചനങ്ങൾ ഉണ്ടെന്നും ഖുർആൻ പറയുന്നുണ്ട് (3:7). അജ്ഞേയമായ കാര്യങ്ങൾ പറയുന്ന ചില സൂക്തങ്ങളുണ്ട്. അതു പക്ഷെ കൈകാര്യം ചെയ്യപ്പെടുന്ന വിഷയങ്ങളെല്ലാം വിശദീകരിക്കപ്പെടുന്ന എന്നതിനു വിരുദ്ധമാകുന്നില്ല. പഞ്ചേന്ദ്രിയങ്ങൾക്ക് വഴങ്ങുന്ന കാര്യങ്ങൾ മാത്രമേ മനുഷ്യന്ന് കൃത്യമായി ഗ്രഹിക്കാൻ കഴിയൂ. അതല്ലാത്ത കാര്യങ്ങൾ വിശ്വാസത്തിലൂടെയും അവബോധത്തിലൂടെയും ഉൾക്കൊള്ളുകയാണ് ചെയ്യുന്നത്. ഉദാ: അല്ലാഹു. സ്ഥലകാലാതിവർത്തിയും രൂപാതീതനുമായ അല്ലാഹുവിനെ കൃത്യമായറിയാൻ ഭൗതിക മനുഷ്യന്നു സാധ്യമല്ല. പക്ഷെ, വിശ്വാസത്തിലൂടെയും അവബോധത്തിലൂടെയും നമുക്കവനെ അറിയാം. ആ അല്ലാഹുവിനെ കുറിച്ചാണ് ഖുർആൻ പറയുന്നത്. അതിനപ്പുറമുള്ളത് അജ്ഞേയ യാഥാർഥ്യങ്ങൾ -غيبيات- ആണ്. غيب അജ്ഞേയമായിരിക്കുന്നത് അതിനെക്കുറിച്ചു പറയുന്ന വാക്കുകളുടെ പരിമിതി കൊണ്ടല്ല. غيب ഗ്രഹിക്കാനുള്ള മനുഷ്യന്റെ കഴിവുകേടുകൊണ്ടാണ്. ഖുർആൻ സൂക്തങ്ങൾ നിർണായകമായി വിശദീകരിക്കപ്പെട്ടതാണെന്ന് നേരത്തെ 11:1-ലും പ്രസ്താവിച്ചിട്ടുണ്ട് كِتَابٌ أُحْكِمَتْ آيَاتُهُ ثُمَّ فُصِّلَتْ مِن لَّدُنْ حَكِيمٍ خَبِيرٍ (അഗാധജ്ഞനായ പരമയുക്തിമാനിൽ നിന്നരുളപ്പെട്ട സുഭദ്രമായ സൂക്തങ്ങളുള്ളതും പിന്നെ നിർണായകമായി വിശദീകരിക്കപ്പെട്ടതുമായ വേദമത്രെ ഇത്). ഖുർആൻ മുന്നോട്ടു വെക്കുന്ന വിശ്വാസ സത്യങ്ങൾ, വിധിവിലക്കുകൾ, കഥകൾ, ഉപദേശങ്ങൾ എല്ലാം കൊണ്ട് അനുവാചകർക്ക് സുഗ്രാഹ്യമാകുന്നു എന്നാണ് مفصّل അഥവാ تَفْصِيلَ كُلِّ شَيْءٍ എന്ന പ്രസ്താവനയുടെ ആശയം. قُرْآنًا ...... يَعْلَمُونَ എന്ന വാക്യം അറബികളോട് പ്രത്യേകമായും ലോകത്തോടു പൊതുവിലും ഉള്ള ഉണർത്തലാണ്. അധികമായും സ്ഥിരമായും പാരായണം ചെയ്യപ്പെടുന്നതിനാണ് ഭാഷയിൽ قرآن എന്നു പറയുക. അല്ലാഹു മുഹമ്മദ് നബിക്കവതരിപ്പിച്ചു കൊടുത്ത വേദത്തിന്റെ പേരായിട്ടാണ് ഖുർആൻ എന്ന പദം ഉപയോഗിക്കപ്പെടുന്നത്. സുഗമമായി പാരായണം ചെയ്യാവുന്നതും നിത്യമായി പാരായണം ചെയ്യപ്പെടുന്നതുമായ വേദം. എളുപ്പത്തിൽ ഹൃദിസ്ഥമാക്കാവുന്നത്. ഓതുന്നവർക്കും കേൾക്കുന്നവർക്കും രസനീയം. എക്കാലത്തും ആയിരക്കണക്കിൽ ആളുകൾ ഖുർആൻ തുടക്കം മുതൽ ഒടുക്കം വരെ മനഃപാഠമാക്കിക്കൊണ്ടിരിക്കുന്നു. ഖുർആനിന്റെ കുറച്ചു ഭാഗമെങ്കിലും ഹൃദിസ്ഥമാക്കാത്ത മുസ്‌ലിംകളുണ്ടാവില്ല. നിങ്ങൾ സംസാരിക്കുന്ന അറബി ഭാഷയിലാണ് ഈ വേദം അവതരിപ്പിച്ചിരിക്കുന്നത്; അപരിചിതമോ അജ്ഞാതമോ ആയ ഭാഷയിലല്ല. സത്യം അറിയണമെന്നുള്ളവർക്ക് ഈ സൂക്തങ്ങൾ വായിച്ചും കേട്ടും അനായാസം മനസ്സിലാക്കാവുന്നതേയുള്ളൂ. ലോകത്തെ പൊതുവിൽ ഉണർത്തുന്നതിതാണ്: ദർശനങ്ങളും ധർമോപദേശങ്ങളും ജീവിത നിയമങ്ങളും ചരിത്രവുമെല്ലാം സുഗ്രാഹ്യമായും സുവ്യക്തമായും വിശദീകരിക്കുന്ന സൂക്തങ്ങളടങ്ങിയ ഈ വേദം യാഥാർഥ്യം ഗ്രഹിക്കണമെന്നാഗ്രഹിക്കുന്ന എല്ലാ സത്യാന്വേഷികൾക്കും ജ്ഞാനദായകവും സന്മാർഗ ദർശകവുമാകുന്നു. അറബി ഭാഷയിൽ അധികമധികം ആവർത്തിച്ചു പാരായണം ചെയ്യാവുന്നതായിട്ടാണിതവതരിപ്പിച്ചിരിക്കുന്നത്. ഖുർആനിന്റെ അമാനുഷികമായ ഭാഷാ ശൈലിയും ആശയ സൗന്ദര്യവും പാരായണ സുഖവും ശ്രവണ മാധുര്യവുമെല്ലാം അറബി ഭാഷയിലൂടെയാണനുഭവപ്പെടുക. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അറബിയിലുള്ള ഖുർആനാണ് അമാനുഷ സൗന്ദര്യമുള്ളത്. അതിന്റെ ഇതര ഭാഷയിലുള്ള വിവർത്തനങ്ങൾ അമാനുഷമായ ഖുർആൻ ആകുന്നില്ല. അവ മനുഷ്യ രചനകളാണ്. നേരത്തെ 12:2-ലും ഇക്കാര്യം പറഞ്ഞിട്ടുണ്ട്: إِنَّا أَنزَلْنَاهُ قُرْآنًا عَرَبِيًّا لَّعَلَّكُمْ تَعْقِلُونَ (നാം ഈ വേദം അറബിയിലുള്ള ഖുർആൻ ആയിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്; നിങ്ങൾ ഗ്രഹിക്കുന്നതിനുവേണ്ടി).

ഖുർആൻ അവതരിച്ച ഭാഷ എന്നത് അറബി ഭാഷക്കു ലഭിച്ച അതുല്യമായ മഹത്വം തന്നെയാണ്. അറബി ഭാഷയെ 6-ാം നൂറ്റാണ്ടിലെ അറബി നഗരവാസികളും ഗ്രാമീണരും സംസാരിച്ച അതേ വാക്കുകളിലും ഘടനയിലും നിലനിർത്തുന്നത് ഖുർആൻ ആണ്. ഏതൊരു അറബി വചനവും അന്നത്തെ ഗ്രാമീണ അറബിക്ക് മനസ്സിലായിരുന്നതു പോലെ ഇന്നത്തെ നാഗരിക അറബിക്കും മനസ്സിലാകും. ഇതര വേദങ്ങളുടെ മൂല ഭാഷകളെല്ലാം ഇന്ന് മാഞ്ഞ് പോവുകയോ മറന്നുപോവുകയോ ചെയ്തിരിക്കുന്നു. ആരും ആ ഭാഷകൾ സംസാരിക്കുന്നില്ല. സംസാരിച്ചാൽ ആർക്കും മനസ്സിലാവുകയുമില്ല. ഇതര വേദങ്ങളെല്ലാം ഇന്നു വായിക്കപ്പെടുന്നത് പരിഭാഷകളിലൂടെയാണ്. ഖുർആനിനും മിക്ക ലോകഭാഷകളിലും ഒന്നിലധികം പരിഭാഷകളുണ്ട്. എങ്കിലും വിശ്വാസികൾ ഇന്നും ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കുന്നത് അതിന്റെ മൂലഭാഷയിൽ തന്നെയാകുന്നു. ഖുർആന്റെ ഭാഷ എന്ന നിലയിലാണ് അറബി അതിന്റെ എല്ലാ വികാസവും നേടിയെടുത്തത്. അന്ത്യപ്രവാചകനും അന്തിമ വേദമായ ഖുർആനും അറബി ഭാഷയിലായതെന്തുകൊണ്ട് എന്ന ചോദ്യത്തിന് അല്ലാഹു നൽകുന്ന ഉത്തരം ഇതാണ് وَمَا أَرْسَلْنَا مِن رَّسُولٍ إِلَّا بِلِسَانِ قَوْمِهِ لِيُبَيِّنَ لَهُمْ ۖ (നാം ഒരു പ്രവാചകനെയും അദ്ദേഹത്തിന്റെ ജനത്തിന്റെ ഭാഷയിലല്ലാതെ അയച്ചിട്ടില്ല; അവരെ സത്യസന്ദേശം സുവ്യക്തമായി ബോധനം ചെയ്യുന്നതിനുവേണ്ടിയാണത് -14:4). സജ്ജനത്തിന് അവരുടെ സൽകർമ ജീവിതത്തിന്റെ ശുഭപര്യവസാനത്തെക്കുറിച്ച് സുവിശേഷം നൽകുകയും ദുർജനത്തിന് അവരുടെ ദുഷ്ടതയുടെ ദുരന്തത്തെക്കുറിച്ചു താക്കീത് ചെയ്യുകയുമാകുന്നു ഈ വേദത്തിന്റെ അവതരണ ലക്ഷ്യം. പക്ഷെ ഈ വേദത്തിന്റെ മഹത്വവും പ്രാധാന്യവും ഒട്ടും പരിഗണിക്കാതെ അവഗണിച്ചു തള്ളുകയാണ് അധികമാളുകളും. ലോകത്തിന്റെ പൊതു സ്ഥിതിയാണത്. എങ്കിലും സൂക്തത്തിന്റെ അവതരണ പശ്ചാത്തലം 'അധികമാളുകൾ' കൊണ്ടു സൂചിപ്പിക്കുന്നത് ഖുറൈശികളിലെ ഭൂരിപക്ഷമാണ്. അവരതു കേൾക്കാനേ തയാറാവുന്നില്ല. ഖുർആൻ കേൾക്കരുതെന്നും കേട്ടാൽ മുഹമ്മദിന്റെ വലയിൽ വീണുപോകുമെന്നും അവർ പരസ്പരം ഉപദേശിക്കാറുണ്ടായിരുന്നു. യുവജനങ്ങളെ പ്രത്യേകം വിലക്കിയിരുന്നു. എവിടെയെങ്കിലും ഖുർആൻ പാരായണം ചെയ്യുന്നതുകേട്ടാൽ, ആർക്കും അതു കേൾക്കാനാവാത്ത വണ്ണം അവിടെ ബഹളമുണ്ടാക്കാൻ നിർദേശിക്കുകയും ചെയ്തിരുന്നു. ●